# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1500** 13/6/2014 ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലത്തകർച്ച

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | റബ്ബറിന്റെ വിലത്തകർച്ച തടഞ്ഞു നിർത്താൻ തീരുമാനിച്ചതിൻ പ്രകാരം സംഭരിച്ച റബ്ബറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) | റബ്ബർ സംഭരണ ഏജൻസികളായ റബ്ബർമാർക്ക് 109.7 MT ഉം മാർക്കറ്റ്ഫെഡ് 29.2624 MT ഉം സംഭരിച്ചതുൾപ്പെടെ ആകെ 2.075 കോടി രൂപ വിലമതിക്കുന്ന 138.26 മെട്രിക് ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. |
| (ബി) | അപ്രകാരം സംഭരിച്ച റബ്ബർ എന്തു ചെയ്തു എന്നും, സംഭരിച്ച റബ്ബറിന് കർഷകർക്ക് ലഭ്യമാക്കിയ വിലയെ സംബന്ധിച്ചും വിശദമാക്കുമോ ; | (ബി) | സംഭരിച്ച റബ്ബർ, സംഭരണ ഏജൻസികളായ റബ്ബർമാർക്കിന്റെയും മാർക്കറ്റ് ഫെഡിന്റെയും ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുണ്ട്. റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോക്ക് 2/- രൂപ കൂടുതൽ നൽകിയാണ് ആർ.എസ്.എസ്. 4 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽ നിന്നും സംഭരിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത നടപടി മൂലം റബ്ബറിന്റെ വില വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായോ എന്ന് വ്യക്തമാക്കുമോ; | (സി) | സംഭരണത്തിന്റെ ഒന്നാം ഘട്ടത്തിൽ 10,000 ടൺ റബ്ബർ സംഭരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംഭരണലക്ഷ്യം കൈവരിക്കുന്നതോടെ റബ്ബറിന്റെ വില വർദ്ധനവിനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്. |
| (ഡി) | റബ്ബർ സംഭരിച്ച ഇനത്തിൽ ആർക്കെങ്കിലും കുടിശ്ശിക തുക നൽകാനുണ്ടോ ; വ്യക്തമാക്കുമോ; | (ഡി) | റബ്ബർമാർക്ക് റബ്ബർ സംഭരിച്ച ഇനത്തിൽ അംഗ സംഘങ്ങൾക്ക് 40,79,494 രൂപ കുടിശ്ശികയായി നൽകാനുണ്ട്. |
| (ഇ) | സംഭരിച്ച റബ്ബർ കയറ്റുമതി നടത്തുമ്പോൾ ഏജൻസി കൾക്ക് ഉണ്ടാകുന്ന നഷ്ടം സർക്കാർ നികത്തുമോ? | (ഇ) | സംഭരിച്ച റബ്ബർ വിപണനം നടത്തുമ്പോൾ ഏജൻസികൾക്ക് നഷ്ടം വന്നാൽ പലിശ സർക്കാർ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ